# <u>Women in “The Bible”</u>

## <u>Michal (മീഖൾ)</u>




മീഖൾ എന്ന പേരിന്റെ അർത്ഥം “യഹോവയെപ്പോലെ ആരുള്ളൂ” ഈ സ്ത്രീയെ യിസ്രായേലിന്റെ പ്രഥമ രാജാവായ ശൗലിന്റെ രണ്ടാമത്തെ മകൾ എന്നും ഗോല്യാത്തിനെ തോല്പിച്ച ദാവീദിന്റെ ഭാര്യ എന്നുമുള്ള രണ്ട് മാനദണ്ഡത്തിലുമാണ് അറിയപ്പെട്ടിരുന്നത്. പിതാവായ ശൗലിന്റെ ഹീനമായ സ്വഭാവം മകളായ മീഖളിനെ സ്വാധീനിച്ചതായി കാണാം. യഹോവയോട് അനുസരണക്കേട് കാണിച്ച ശൗലിന്റെ അടുക്കൽ ശമുവേൽ പ്രവാചകനെ ദൂതുമായി യഹോവ അയച്ചു. മത്സരം ആഭിചാരദോഷം പോലെയും, ശാഠ്യം മിത്ഥ്യാപൂജയും, വിഗ്രഹാരാധനയും പോലെയും ആകുന്നു. നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊണ്ട് അവൻ നിന്നെയും രാജസ്ഥാനത്തു നിന്ന് തള്ളിക്കളഞ്ഞിരിക്കുന്നു”(1 ശമു 15:22-23).യഹോവയോട് മത്സരിച്ചവൻ പ്രവാചകന്റെ ദൂത് കേട്ട് തിരുത്തുവാൻ തയ്യാറായില്ല. അപ്പന്റെ മത്സരമനോഭാവം മകളിലും വളർന്നുകൊണ്ടേയിരുന്നു. ഇത് അവളുടെ ജീവിതത്തകർച്ചയ്ക്ക് കാരണമായി. അസൂയ, അനുസരണക്കേട്, യഹോവയോടുള്ള മത്സരമനോഭാവം

ഇവ ഉള്ളവർ അവളെക്കുറിച്ചുള്ള പഠനം ശ്രദ്ധിച്ച് ദയവായി രൂപാന്തരപ്പെടുക

## (1) ദാവീദിനെ സ്നേഹിച്ച മീഖൾ (1 ശമു:18:20)



മല്ലനായ ഗോല്യാത്തിന്റെ വെല്ലുവിളി കേട്ട് ഭയന്ന യിസ്രായേല്യ പടയാളികളെ കണ്ട മീഖളിന് ദാവീദ് എന്ന യുവാവ് ആ വെല്ലുവിളി സ്വീകരിച്ചത് ഒരു അത്ഭുതമായിരുന്നു. കൂടാതെ ദാവീദ് സുനേത്രനും, കോമളരൂപിയും, പവിഴനിറമുള്ളവനുമായിരുന്നു. ഫെലിസ്ത്യമല്ലന്റെ കൈവശമുള്ള വാളോ, കുന്തമോ അവന് ഭയം വരുത്തിയില്ല. "യഹോവ ഇന്ന് നിന്നെ എന്റെ കൈയ്യിൽ തരും" എന്ന് ധൈര്യത്തോടെ പറഞ്ഞ് കല്ലും കവണയുമായിപ്പോയ ധീരനായ യുവാവ്, അവനെ വീഴ്ത്തി അവന്റെ വാൾ കൊണ്ടു തന്നെ തലവെട്ടിയത് മീഖളിനെ വീരാരാധനയിലേക്ക് എത്തിച്ചു. തുടർന്ന് സ്ത്രീകൾ അവനെ പുകഴ്ത്തിപ്പാടിയതും അവളുടെ വീരാരാധന അവനോടുള്ള സ്നേഹമായി മാറി.

ശത്രുവായ സാത്താനോട് പടവെട്ടി പാപത്തിൽ നിന്ന് കർത്താവ് നമ്മെ രക്ഷിച്ചു.അതിനായി അവൻ തന്റെ ജീവനെ ക്രൂശിൽ അർപ്പിക്കേണ്ടതായി

വന്നു. എന്നാൽ നമുക്കു ലഭിക്കുന്ന ദാനങ്ങളെ കണ്ട് ദാതാവിനെ നാം മറക്കുന്നു. അഭിഷേക തൈലം വീണവൻ ആ ആത്മസാന്നിദ്ധ്യത്തിന്റെ മഹത്വത്തെപ്പറ്റി മക്കൾക്ക് പറഞ്ഞുകൊടുത്തില്ല എന്ന് മീഖളുടെ സ്വഭാവത്തിൽ നിന്ന് മനസ്സിലാകും. ദാവീദ് തനിക്കു ലഭിച്ച എല്ലാ അനുഗ്രഹങ്ങളും ദൈവത്തിന്റെ ദാനമെന്ന് കണ്ട് പാടി സ്തുതിക്കുമ്പോൾ, അവൾ ദൈവത്തെ കണ്ടില്ല അവനിലെ കഴിവിനെയും അവനെയുമാണ് സ്നേഹിച്ചത്.

പ്രീയ കുഞ്ഞുങ്ങളെ ! ലൗകീകതയുടെ കണ്ണിനാൽ ദർശിച്ച് ആരെയും സ്നേഹിക്കരുത്. ദൈവം ഉള്ളിലുള്ളവരോടു മാത്രം കൂടുക. ആ സ്നേഹം മാത്രമേ ശാശ്വതമാകയുള്ളൂ.

## (2) കുടില ബുദ്ധിയുള്ള രാജാവിന്റെ മകൾ

യിസ്രായേലിന്റെ ആദ്യരാജാവ് യഹോവയാൽ തിരഞ്ഞെടുത്ത് അഭിഷേകം ചെയ്തവനായിരുന്നു. യഹോവയോട് അനുസരണക്കേട് കാണിച്ചിട്ടും അത് ന്യായീകരിച്ചവന് അഭിഷേകം നഷ്ടമായി. ഗോല്യാത്തിനെ തോല്പിക്കുന്നവന് തന്റെ മൂത്തമകളെ (മേരബ്) നൽകേണ്ടതായിരുന്നു. ദാവീദ് താഴ്മയുള്ളവനായി തനിക്കതിന് യോഗ്യതയുണ്ടോ എന്ന് ചോദിച്ചതിനാൽ അദ്രിയേലിന് അവളെ ഭാര്യയായി നൽകി.(1ശമു:18:17-19) ഗോല്യാത്തിനെ തോല്പിച്ചവനെ എല്ലാവരും അഭിനന്ദിച്ചപ്പോൾ ഇവൻ മാത്രം അസൂയപൂണ്ട് മിണ്ടാതെ ഇരുന്നു. ദാവീദിനോടൊപ്പം യഹോവ ഉള്ളതാണ് സകല വിജയത്തിനും കാരണമെന്നുള്ളത് ശൗലിനെ ഭയപ്പെടുത്തി.

“Pay close attention to people who don’t clap when you win”.കുടിലബുദ്ധിയുള്ളവരും , അസൂയ ഹൃദയത്തിലുള്ളവരുമേ

ഓർക്കുക യഹോവ കൂടെയുള്ളവനെ ആർക്കും  ഒന്നും ചെയ്യുവാൻ കഴി യുകയില്ല.

**(3) ദാവീദിന്റെ ഭാര്യയായ മീഖൾ (1 ശമു:18:25-27)**

മീഖൾ ദാവീദിനെ സ്നേഹിക്കുന്നു എന്ന അറിവ് ശൗലിന് സന്തോഷം നല്കി. ഫെലിസ്ത്യരുടെ കയ്യാൽ അവനെ കൊല്ലുവാനുള്ള അവസരമായിട്ടാണ് ശൗൽ അതിനെ കണ്ടത്. വീണ്ടും മരുമകനാക്കുവാൻ നൂറ് ഫെലിസ്ത്യരുടെ അഗ്രചർമ്മമാണ് ശൗൽ ആവശ്യപ്പെട്ടത്. ദാവീദിന്റെ വീഴ്ച ഫെലിസ്ത്യരുടെ കയ്യാൽ സംഭവിക്കുമെന്ന് വിശ്വസിച്ച ശൗലിന് തെറ്റു സംഭവിച്ചു. നൂറിന് പകരം ഇരുനൂറ് പേരെ കൊന്ന് അഗ്രചർമ്മം രാജാവിന്റെ മുൻപാകെ  എണ്ണി ഏല്പിച്ചു. ഭർത്താവാകാൻ പോകുന്നവ നെപ്പറ്റി പരാജയമില്ലാത്തവൻ, പരാക്രമശാലി എന്ന് മീഖൾ പുകഴ്ത്തിയത് ശൗലിന് ഇഷ്ടപ്പെട്ടില്ലെങ്കിലും ദാവീദിന് അവളെ ഭാര്യയായി നൽകി.

നമ്മുടെ മണവാളനായ ക്രിസ്തു മരണത്തെ ജയിച്ച് പാപത്തിന്റെ കെണിയിൽ നിന്ന് നമ്മെ രക്ഷിച്ചിട്ടും നാം അവനെ മഹത്ത്വപ്പെടുത്താ റുണ്ടോ? മറ്റുള്ളവരോട് സ്തുതിയ്ക്ക് യോഗ്യനായവനെപ്പറ്റി പറയുവാൻ മടിക്കരുത്.

**(4) ദാവീദിനെ രക്ഷിച്ച മീഖൾ**

ദുരാത്മാവിൽ നിന്നും കിന്നരം വായിച്ച് വിടുതൽ നേടിക്കൊടുത്ത, ശത്രുക്കളായ ഫെലിസ്ത്യരെ തോല്പിച്ച തന്റെ ഭർത്താവിനെ കൊല്ലുവാൻ പദ്ധതിയിട്ട പിതാവിൽ നിന്ന് ദാവീദിനെ അവൾ രക്ഷിച്ചു. കിളി വാതി ലിൽകൂടി ഭർത്താവിനെ രക്ഷപെടുത്തുകയും , ഒരു ബിംബം പുതപ്പിച്ചിട്ട്

പിതാവിനെയും കൂട്ടരെയും കബളിപ്പിക്കുകയും ചെയ്തു. എന്നാൽ ശത്രുവായ പിതാവ്  അത് കണ്ടെത്തി നീ എന്നെ ചതിച്ചത് എന്തിന്? എന്ന് ചോദിച്ചു.(1 ശമു:19:12-14)

തന്റെ അഭിഷക്തനെ രക്ഷിപ്പാൻ ദൈവത്തിന് ആരുടേയും സഹായം ആവശ്യമില്ല.എന്റെ ഒരു ചിന്ത നിങ്ങളുമായി പങ്കു വയ്ക്കട്ടെ,അഭിഷക്തനായ ദൈവത്തിന്റെ ദാസനെ  രോഗി എന്ന് ചിത്രീകരിച്ച് കള്ളം പറഞ്ഞു, പ്രവർത്തിച്ചു. ദാവീദ് യഹോവയെ സ്നേഹിച്ചതുപോലെ അവളും സ്നേഹിച്ചിരുന്നെങ്കിൽ സത്യം പറയുകയും, പിതാവിനെ ധൈര്യമായി നേരിടുവാനും കഴിയുമായിരുന്നു.

ഇതുപോലെ കർത്താവിനെ ജീവിതത്തിൽ നിന്ന് ഇറക്കിവിട്ടിട്ട് ഇപ്പോഴും കൂടെ വസിക്കുന്നു. എന്ന് നടിക്കുന്ന ക്രിസ്ത്യാനികൾ ഇന്നും ഉണ്ട്.

## <u>(5) ഭർത്താവിനെ ഉപേക്ഷിച്ച മീഖൾ</u>

ശത്രു സംഹാരം നടത്തി ജയാളിയായവനെ സ്നേഹിച്ചവൾക്ക് , പിതാവിനെ ഭയന്ന് കാട്ടിലലയുന്ന ഭർത്താവിനെ സ്നേഹിപ്പാൻ കഴിഞ്ഞില്ല.ദാവീദിനെ  ഉപേക്ഷിച്ചവൾ ഫൽതിയേലിന്റെ ഭാര്യയായി.(2ശമു 3:15,16) അവനേയും സ്ലേഹിച്ചിരുന്നില്ല എന്നതിന്റെ തെളിവാണ് രണ്ടാമത് ദാവീദ് വിളിച്ചപ്പോൾ കൂടെ പോയത്. തന്നെ ഉപേക്ഷിച്ച് മറ്റൊരു പുരുഷനെ സ്വീകരിച്ചവളെ  മടക്കി സ്വീകരിച്ചത് അവന്റെ കരുണയാണ്.

ദൈവത്തെ മറന്നോടുന്ന കുഞ്ഞുങ്ങളെ അവൻ വിളിക്കുന്നു. ഉപേക്ഷ വിചാരിക്കാതെ അവന്റെ മണവാട്ടിയാകുക.

## <u>(6) അഭിഷക്തനെ നിന്ദിച്ചവൾ</u>

രാജാവായ ദാവീദ് പെട്ടകം മടക്കിക്കൊണ്ടു വന്ന സമയം , ഇവരുടെ സ്വഭാവം നമുക്ക് വ്യക്തമാക്കി. പെട്ടകമാകുന്ന ക്രിസ്തുവിനെ സ്നേഹിച്ച വൻ പെട്ടകത്തിന്റെ മുൻപിൽ നൃത്തം ചെയ്തു. പെട്ടകത്തെ വെറുത്തവൾ അതിനുമുൻപിൽ നൃത്തം ചെയ്തവനെ പുശ്ചിച്ചു. അനേക പുരോഹി തൻമാരെ നിഗ്രഹിപ്പാൻ കല്പിച്ച പിതാവിന്റെ മകളിൽ നിന്ന് ഇതിൽക്കൂടു തലൊന്നും പ്രതീക്ഷിക്കുവാനില്ല. (1ശമു:22:14-18). ദാവീദ് ദൈവമുൻപാകെ വിനയാന്വിതനായി സന്തോഷിച്ചപ്പോൾ, പക, അസൂയ, വിദ്വേഷം ഇവ നെഞ്ചിലേറ്റി എരിഞ്ഞുതീരുകയായിരുന്നു മീഖൾ. അഭിഷക്തന്റെ ശാപം അവളുടെ മേൽ വന്നതിനാൽ ആയുഷ്ക്കാലം അവൾക്ക് മക്കളുണ്ടായില്ല, (2ശമു 6:23)

“കുഞ്ഞുങ്ങളെ! മഹാനായ ദൈവത്തെ ആരാധിക്കുക” അവൻ നിശ്ചയ മായും നിങ്ങളെ അനുഗ്രഹിക്കട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind